നം.വി.ആർ./37379/2015/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ജഗതി, തിരുവനന്തപുരം -14
തീയതി //.05.2017

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - വിദ്യാരംഗം കലാസാഹിത്യവേദി 2017-18 അദ്ധ്യയന വർഷത്തെ രൂപവത്കരണത്തെയും പ്രവർത്തനങ്ങളെയും - സംബന്ധിച്ച്.

സൂചന:- വിദ്യാരംഗം കലാസാഹിത്യവേദിയുടെ മാനുവൽ

വിദ്യാരംഗം കലാസാഹിത്യവേദിയുടെ മാനുവൽ പ്രകാരം സംസ്ഥാനത്തെ എൽ.പി.സ്കൂൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത സ്കൂളുകളിലും വിദ്യാരംഗം കലാസാഹിത്യവേദിയുടെ യൂണിറ്റുകൾ രൂപവൽക്കരിക്കേണ്ടതും 2017 ജൂൺ മാസം തന്നെ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുമാണ്. മാനുവൽ പ്രകാരം ക്ലാസ്തലം മുതൽതന്നെ കലാസാഹിത്യ വേദിയുടെ യൂണിറ്റുകൾ രൂപവൽക്കരിക്കേണ്ടതാണ്. കൃത്യമായി യൂണിറ്റുകൾ രൂപവൽക്കരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ എന്ന് ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകരും വിദ്യാഭ്യാസ ഓഫീസർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 2017 ജൂൺ 1 ന് എല്ലാ സ്കൂളുകളിലും കലാസാഹിത്യവേദിയുടെ ക്ലാസ്തല യോഗം ചേർന്ന് നിർവാഹകസമിതിക്കു രൂപം കൊടുക്കേണ്ടതും സ്കൂൾതല കോ-ഓർഡിനേറ്റർമാരെ തിരഞ്ഞെടുക്കേണ്ടതുമാണ്. ജൂൺ 18 ന് കലാസാഹിത്യവേദിയുടെ ഉപജില്ലാസമിതി രൂപവത്ക്കരിച്ച് കോ-ഓർഡിനേറ്റർമാരെ തിരഞ്ഞെടുക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെട്ട ഉപജില്ലാകോ-ഓർഡിനേറ്റർമാർക്ക് സീമാറ്റ്-കേരളയുടെ ആഭിമുഖ്യത്തിൽ രണ്ടു ദിവസത്തെ പരിശീലനം നൽകുന്നതാണ്. ആയതിനാൽ പുതിയ ഉപജില്ലാ കൺവീനർമാരുടെ ലിസ്റ്റ് 20.06.2017 നകം vidyarangamdpi@gmail.com ലേക്ക് അയച്ചുതരേണ്ടതാണ്. ജൂലൈ 19ന് കലാസാഹിത്യവേദിയുടെ റവന്യൂജില്ലാ സമിതി രൂപീകരിച്ച് കോ-ഓർഡിനേറ്റർമാരെ തിരഞ്ഞെടുക്കേണ്ടതാണ്. ക്ലാസ്തലം മുതൽ ജില്ലാതലം വരെയുള്ള വിവിധ സമിതികൾ രൂപവത്കരിക്കുമ്പോൾ മാനുവലിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ഉപജില്ലാതലത്തിലും ജില്ലാതലത്തിലും നിർവാഹകസമിതി രൂപവത്കരിക്കുകയും കോ-ഓർഡിനേറ്റർമാരെ തിരഞ്ഞെടുക്കുകയും ചെയ്തു കഴിഞ്ഞാൽ അംഗങ്ങളുടെ ലിസ്റ്റും ഉപജില്ല/ജില്ല കോ-ഓർഡിനേറ്റർമാരുടെ പേരും പിൻകോഡ് സഹിതമുള്ള മേൽവിലാസവും ഫോൺ നമ്പറും **'എഡിറ്റർ, വിദ്യാരംഗം, ഡി.പി.ഐ.ഓഫീസ്, ജഗതി, തിരുവനന്തപുരം 14'** എന്ന മേൽവിലാസത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വൈകാതെ അയച്ചുതരേണ്ടതാണ്. vidyarangamdpi@gmail.com എന്ന ഇ-മെയിലിലും ലിസ്റ്റ് അയയ്ക്കേണ്ടതാണ്.

കലാസാഹിത്യവേദിയുടെ പ്രവർത്തനത്തിന് രജിസ്ട്രേഷൻ ഫീസിനത്തിൽ സ്കൂളുകളിൽ നിന്നും താഴെപ്പറയുന്ന തുക ഓരോ വിദ്യാലയവും നൽകേണ്ടതാണ്.

എൽ.പി.സ്കൂൾ - ₹ 100/-

യു.പി.സ്കൂൾ - ₹ 200/-

ഹൈസ്കൂൾ - ₹ 300/-

രജിസ്ട്രേഷൻ ഫീസിനത്തിൽ ലഭിക്കുന്ന തുകയുടെ 60 ശതമാനം ഉപജില്ലാതല പ്രവർത്തനങ്ങൾക്കും 40 ശതമാനം ജില്ലാതല പ്രവർത്തനങ്ങൾക്കുമായി വിനിയോഗിക്കേണ്ടതാണ്. കലാസാഹിത്യവേദിയുടെ സംസ്ഥാനതല പ്രവർത്തനങ്ങൾക്കുള്ള വിഹിതം ഈ അദ്ധ്യയനവർഷം അടയ്ക്കേണ്ടതില്ല. തങ്ങളുടെ പരിധിയിലുള്ള എല്ലാ സ്കൂളുകളും രജിസ്ട്രേഷൻ തുക അടച്ചിട്ടുണ്ട് എന്ന് ബന്ധപ്പെട്ട ഉപജില്ല/ജില്ലാ ഓഫീസർമാർ പരിശോധിക്കേണ്ടതും ഉറപ്പുവരുത്തേണ്ടതുമാണ്.

വിദ്യാരംഗം മാസികയുടെ വരിസംഖ്യ എല്ലാ സ്കൂളുകളിൽ നിന്നും വിദ്യാഭ്യാസ ഓഫീസർമാർ യഥാസമയം കുടിശ്ശിക ഉൾപ്പെടെ സമാഹരിച്ച് 2017 ജൂലൈ 7 നു മുമ്പ് ട്രഷറിയിൽ അടയ്ക്കേണ്ടതും ചെലാൻ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എഡിറ്ററുടെ പേരിൽ അയയ്ക്കേണ്ടതുമാണ്. വിദ്യാരംഗം മാസികയുടെ വാർഷിക വരിസംഖ്യ 2017 മുതൽ നൂറു രൂപയായിരിക്കുന്നതാണ്. കലാസാഹിത്യവേദിയുടെ മറ്റു പ്രവർത്തനങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങൾ യഥാസമയം ബന്ധപ്പെട്ട കലാസാഹിത്യവേദി കോർഡിനേറ്റർമാരെ അറിയിക്കുന്നതാണ്.

ക്ലാസ്തല/സ്കൂൾതല സർഗോത്സവത്തിനാവശ്യമായ മൊഡ്യൂൾ വിദ്യാരംഗം കലാസാഹിത്യവേദി ജില്ലാ കൺവീനർമാർ മുഖേന സ്കൂളുകൾക്ക് ലഭ്യമാക്കുന്നതാണ്.

ക്ലാസ്തല/സ്കൂൾതല സർഗോത്സവങ്ങൾ 19.06.2017 നകവും ഉപജില്ല/ജില്ലാതല സർഗോത്സവങ്ങൾ ജൂലൈ 31 നകവും പൂർത്തിയാക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

<u>പകർപ്പ്:</u>

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4) എല്ലാ എൽ.പി./യു.പി./എച്ച്.എസ്. പ്രധാനാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ വഴി)
5) സ്റ്റോക്ക് ഫയൽ